# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം.പി.ആർ. **140/2026** തിരുവനന്തപുരം, തീയതി: **07/07/2026**

## പത്രക്കുറിപ്പ്

**കേരള സർവകലാശാല**

**ഒന്നാം വർഷ ബി.എഡ് പ്രവേശനം - 2026**

**രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.**

**കോളേജ് പ്രവേശനം 08/07/2026 , 09/07/2026 തീയതികളിൽ.**

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിലേക്കുള്ള 2026-27 അധ്യയന വർഷത്തിലെ ബി.എഡ് പ്രവേശനത്തിനുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് സർവകലാശാല വെബ്സൈറ്റിൽ (https://admissions. keralauniversity.ac.in/bed2026) പ്രസിദ്ധീകരിച്ചു. അപേക്ഷകർക്ക് അപേക്ഷാ നമ്പറും പാസ്സ് വേഡും ഉപയോഗിച്ച് പ്രൊഫൈലിൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കാവുന്നതാണ്. അലോട്ട്മെന്റ് ലഭിച്ചവർ **നിശ്ചിത സർവകലാശാല അഡ്മിഷൻ ഫീസ് പ്രൊഫൈലിൽ നിന്നും ഓൺലൈനായി ഒടുക്കി** 'Transaction Success' എന്ന് രേഖപ്പെടുത്തിയിട്ടുള്ള രസീതിന്റെ പ്രിന്റൗട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്. **അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്ത ശേഷം കോളേജിൽ ഹാജരായി പെർമനന്റ് അഡ്മിഷൻ എടുക്കേണ്ടതാണ്.** ഒന്നാം ഘട്ട അലോട്ട്മെന്റിൽ അഡ്മിഷൻ ഫീസ് ഒടുക്കിയ വിദ്യാർത്ഥികൾ വീണ്ടും അഡ്മിഷൻ ഫീ അടയ്ക്കേണ്ടതില്ല

ഹയർ ഓപ്ഷൻ നിലനിർത്തിയതിനാൽ പുതിയ അലോട്ട്മെന്റ് ലഭിച്ചവർ പുതിയതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരായി നിർബന്ധമായും അഡ്മിഷൻ എടുക്കേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥികൾക്ക്, മുൻ അഡ്മിഷനിൽ തുടരാൻ സാധിക്കുന്നതല്ല. പുതിയ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ജൂലൈ 9 നുള്ളിൽ അഡ്മിഷൻ എടുക്കാത്ത പക്ഷം അലോട്ട്മെന്റ് നഷ്ടമാകുന്നതാണ്.

താൽക്കാലിക അഡ്മിഷൻ ( Temporary Admission ) സൗകര്യം രണ്ടാം ഘട്ട അലോട്ട്മെന്റ് മുതൽ ലഭ്യമല്ല. പുതിയതായി അലോട്ട്മെന്റ് ലഭിക്കുന്നവർ കോളേജിലെ നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും സ്ഥിര അഡ്മിഷൻ (Permanent Admission) എടുക്കേണ്ടതാണ്. ഈ ഘട്ടത്തിൽ എല്ലാ സർട്ടിഫിക്കറ്റുകളുടെയും അസ്സൽ (ടി സി ഉൾപ്പെടെ) കോളേജിൽ സമർപ്പിക്കേണ്ടതാണ്.

നിലവിൽ താൽക്കാലിക (Temporary) അഡ്മിഷൻ എടുത്തവർ രണ്ടാം ഘട്ട അലോട്ട്മെന്റിൽ മാറ്റം വന്നിട്ടില്ലെങ്കിൽ പോലും കോളേജിൽ നേരിട്ട് ഹാജരായി നിശ്ചിത ഫീസ് അടച്ച് നിർബന്ധമായും സ്ഥിര അഡ്മിഷൻ (Permanent Admission) എടുക്കേണ്ടതാണ്. ഇപ്രകാരം താൽക്കാലിക അഡ്മിഷൻ എടുത്തവർക്ക് സ്ഥിര അഡ്മിഷനിലേക്ക് മാറുന്നതിനുള്ള അവസാന തീയതി ജൂലൈ 9 ആണ്. അതിനുള്ളിൽ സ്ഥിര അഡ്മിഷൻ എടുക്കാത്തവരുടെ അഡ്മിഷൻ നഷ്ടപ്പെടുന്നതാണ്.

രണ്ടാം ഘട്ട അലോട്ട്മെന്റിൽ സ്ഥിര അഡ്മിഷൻ എടുക്കുന്നവർക്കും, താല്പര്യമുള്ളപക്ഷം തുടർന്ന് വരുന്ന സപ്ലിമെന്ററി അലോട്മെന്റിൽ പുതുതായി ഓപ്ഷനുകൾ സമർപ്പിച്ച് പങ്കെടുക്കാവുന്നതാണ്.

## പരീക്ഷാഫലം

കേരള സർവകലാശാല 2025 ഡിസംബറിൽ നടത്തിയ ആറാം സെമസ്റ്റർ, എട്ടാം സെമസ്റ്റർ പഞ്ചവർഷ എം.ബി.എ (ഇന്റഗ്രേറ്റഡ്) റെഗുലർ/ സപ്ലിമെന്ററി (2022 & 2015 സ്കീം) പരീക്ഷയുടെഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2026 ജനുവരി മാസത്തിലെ നോട്ടിഫിക്കേഷൻ പ്രകാരം നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ ഹിന്ദി (വിദൂരവിദ്യാഭ്യാസം) പരീക്ഷയുടെഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാനതീയതി 2026 ജൂലൈ 15. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മ പരിശോധന

ആറാം സെമസ്റ്റർ ന്യൂജെൻ യു.ജി. ഡബിൾ മെയിൻ (ബി.എസ്.സി മാത്തമാറ്റിക്സ് ആൻഡ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) (221) ഡിഗ്രി ഏപ്രിൽ 2026 പരീക്ഷയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിച്ച ഐ.ഡി കാർഡും, ഹാൾടിക്കറ്റുമായി റിവാലുവേഷൻ സെക്ഷനിൽ (ഇ.ജെ II) 2026 ജൂലൈ 09 മുതൽ 17 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

# ടൈംടേബിൾ

കേരളസർവകലാശാലയുടെ രണ്ടാം സെമസ്റ്റർ എം.എ/ എം.എസ്.സി/ എം.കോം/എം.എസ്.ഡബ്ല്യൂ/എം.എം.സി/എം.എ.എച്ച്.ആർ.എം/എം.ടി.ടി.എം (ന്യൂ ജനറേഷൻ കോഴ്സുകൾ ഉൾപ്പടെ) (റെഗുലർ-2025 അഡ്മിഷൻ, ഇംപ്രൂവ്മെ മെന്റ്/സപ്ലിമെന്ററി - 2024 അഡ്മിഷൻ, സപ്ലിമെന്ററി 2022 & 2023 അഡ്മിഷൻ), ജൂലൈ 2026 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല ജൂലൈ 14 മുതൽ ആരംഭിക്കുന്ന മൂന്നാം സെമസ്റ്റർ FYUGP നവംബർ 2025 സ്പെഷ്യൽ പരീക്ഷയുടെ (2024 അഡ്മിഷൻ) വിശദമായ പരീക്ഷ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടത്തെ രണ്ടാം സെമസ്റ്റർ ബിടെക് സപ്ലിമെന്ററി എക്സാമിനേഷൻ ജൂലൈ 2026 -2020 സ്കീം (സപ്ലിമെന്ററി -2020 അഡ്മിഷൻ മുതൽ 2024 അഡ്മിഷൻ വരെ) പരീക്ഷാ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.



**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**


**E-mail:**For queries[helpdesk@keralauniversity.ac.in](mailto:helpdesk@keralauniversity.ac.in)/
**website:** [www.keralauniversity.ac.in](http://www.keralauniversity.ac.in)

***University information is available on***9188526670, 9188526671, 9188526674, 9188526675
**Whats App No. 8547330240**